**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2016-17 - കയ്പമംഗലം നിയോജക മണ്ഡലം - ആസ്തി വികസന നിധിയിൽ നിന്നും ഭരണാനുമതി ലഭിച്ച എറിയാട് ഗ്രാമപഞ്ചായത്തിൽ ലൈറ്റ് ഹൗസ് പാലം എന്ന പ്രവൃത്തി - പുതുക്കിയ ഭരണാനുമതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം. 2735/2018/തസ്വഭവ        തിരുവനന്തപുരം, തീയതി : 26.10.2018.**

---

പരാമർശം :- 1 11/06/2012-ലെ സ. ഉ (അച്ചടി )332/12/ധന നമ്പർ ഉത്തരവ്.

2 05/06/17-ലെ സ. ഉ (ആർ.റ്റി )1862/2017/ത സ്വ ഭ വ നമ്പർ ഉത്തരവ്.

3 തദ്ദേശസ്വയംഭരണ വകുപ്പ് തൃശ്ശൂർ ഡിവിഷൻ സമർപ്പിച്ച എസ്റ്റിമേറ്റ്.

4 ശ്രീ . ഇ.ടി.റ്റൈസൺ മാസ്റ്റർ എം.എൽ.എ.യുടെ 19/09/2018 ലെ കത്ത്.

**ഉത്തരവ്**

കയ്പമംഗലം നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. ഇ.ടി.റ്റൈസൺ മാസ്റ്റർ എം.എൽ.എ. യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും എറിയാട് ഗ്രാമപഞ്ചായത്തിൽ ലൈറ്റ് ഹൗസ് പാലം എന്ന പ്രവൃത്തിയ്ക്ക് 85 ലക്ഷം രൂപയ്ക്ക് പരാമർശം (2)ഉത്തരവിലെ ക്രമനമ്പർ. 1 പ്രകാരം ഭരണാനുമതി നൽകിയിരുന്നു.എന്നാൽ ടി പ്രവർത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ പ്രവൃത്തി പൂർത്തീകരിക്കണമെങ്കിൽ 99 ലക്ഷം രൂപ ആവശ്യമായി വരുമെന്നും, ആയതിലേക്ക് അധികമായി ആവശ്യം വരുന്ന 14 ലക്ഷം രൂപ 2017 -18 സാമ്പത്തിക വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ബഹു.എം.എൽ.എ. പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കയ്പമംഗലം നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. ഇ.ടി.റ്റൈസൺ മാസ്റ്റർ എം.എൽ.എ.യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും പരാമർശം (2) ഉത്തരവിലെ ക്രമനമ്പർ. 1 പ്രകാരം 85 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ എറിയാട് ഗ്രാമപഞ്ചായത്തിൽ ലൈറ്റ് ഹൗസ് പാലം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ, പ്രവൃത്തി പൂർത്തീകരിക്കാൻ അധികമായി ആവശ്യം വരുന്ന 14 ലക്ഷം രൂപ 2017 -18 സാമ്പത്തിക വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും അനുവദിച്ച് 99 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3) പരാമർശം (2) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ
ഗവ.ജോയിന്റ് സെക്രട്ടറി.

ശ്രീ.ഇ.ടി.റൈസൺ മാസ്റ്റർഎം.എൽ.എ( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, എറിയാട് ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ.
ഫിനാൻസ് വകുപ്പ്(അനൗദ്യോഗിക കത്ത് നം.352/എൻ.സി.3/2018/ധന.തീയതി 03.10.2018)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ